LIBRARY ARCHIVES Kerala Legislative Assembly

സൈബർ കുറ്റകൃത്യങ്ങൾ നിരീക്ഷിക്കാൻ സംവിധാനം

76 (1828) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിലവിൽ ഏതൊക്കെ ജില്ലകളിൽ സൈബർ ക്രൈം നിരീക്ഷണ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(ബി) സൈബർ ക്രൈം നിരീക്ഷണ സംവിധാനം വഴി പൊതുജനങ്ങൾക്ക് എന്തൊക്കെ സേവനങ്ങൾ ലഭ്യമാക്കണമെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് എല്ലാ ജില്ലകളിലും സൈബർ ക്രൈം നിരീക്ഷണ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

(ബി) സൈബർ കുറ്റകൃത്യങ്ങളെ സംബന്ധിച്ച് പൊതുജനങ്ങൾക്ക് സംശയം നിവാരണത്തിനും നിയമോപദേശം കൊടുക്കുന്നതിനും സൈബർ സെല്ലുകളിലേയും ഹൈടെക് സെല്ലിലെയും പോലീസ് സ്റ്റേഷനിലെയും ഉദ്യോഗസ്ഥർക്ക് നിർദ്ദേശം കൊടുത്തിട്ടുള്ളതും പോലീസ് സ്റ്റേഷനിലേയും സെല്ലുകളിലെയും ഇ-മെയിൽ ഐഡികളും ഫോൺ നമ്പരുകളും വെബ്സൈറ്റിലും പത്ര മാധ്യമങ്ങൾ വഴിയും പോലീസ് സ്റ്റേഷനുകൾ വഴിയും പ്രസ്യപ്പെടുത്തിയിട്ടുണ്ട്. കേരളത്തിനകത്തും പുറത്തുമുള്ള ധാരാളം ആൾക്കാർ സൈബർ സെല്ലുകളിലും സൈബർ പോലീസ് സ്റ്റേഷനിലും ബന്ധപ്പെട്ട് സൈബർകുറ്റകൃത്യങ്ങളെക്കുറിച്ച് അഭിപ്രായവും നിയമോപദേശവും നേടിക്കൊണ്ടിരിക്കുകയാണ്.

ചാലക്കുടി ഫയർഫോഴ്സിന് വാഹനവും ഉപകരണങ്ങളും നൽകാൻ നടപടി

77 (1829) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഫയർഫോഴ്സിന്റെ കീഴിൽ ചാലക്കുടിയിൽ നിന്നും 90 കി. മീറ്റർ അകലത്തിൽ സ്ഥിതിചെയ്യുന്ന മലക്കപ്പാറ ഉൾപ്പെടെയുള്ള വിസ്തൃതമായ പ്രദേശങ്ങൾ ഉൾപ്പെടുന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ചാലക്കുടി ഫയർഫോഴ്സിന് ആവശ്യമായ പുതിയ വാഹനവും മറ്റ് ആധുനിക ഉപകരണങ്ങളും നൽകുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) കൂടുതൽ വാഹനങ്ങളും ഉപകരണങ്ങളും വാങ്ങുന്നമുറയ്ക്ക് ചാലക്കുടി നിലയത്തിലേക്കും അവ അനുവദിച്ച് നൽകുന്ന കാര്യം പരിശോധിക്കുന്നതാണ്.